(ബി) പ്രസ്തുത പ്രസിദ്ധീകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന ഗവേഷണ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രസിദ്ധീകരണം ലഭ്യമാകാത്തതുമൂലം ഉണ്ടാകുന്ന വൈഷമ്യങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) സാംസ്കാരിക സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന വൈജ്ഞാനിക ഗ്രന്ഥങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ സംവിധാനവും സ്വകാര്യ സംവിധാനവും ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

പനമ്പിള്ളി ഗോവിന്ദമേനോന്റെ ജീവിതചരിത്രം പ്രസിദ്ധീകരിക്കാൻ നടപടി

67 [382] ശ്രീ. തോമസ് ഉണ്ണിയാടൻ:

" സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനമ്പിള്ളി ഗോവിന്ദമേനോന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കാൻ സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ;

(ബി) ജീവചരിത്രത്തിന്റെ സ്ക്രിപ്റ്റ് ആരെങ്കിലും പ്രസിദ്ധീകരണത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കൊച്ചി നിയമസഭയിലും തിരുകൊച്ചി നിയമസഭയിലും ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയിലും പാർലമെന്റിലും പനമ്പിള്ളി നടത്തിയ പ്രസംഗങ്ങൾ ക്രോഡീകരിച്ച് അവ പ്രസിദ്ധീകരിക്കുവാൻ സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ ഉപദേശക സമിതിയംഗമായ ശ്രീ. എൽ. വി. ഹരികുമാർ രചിച്ച പനമ്പിള്ളി ഗോവിന്ദമേനോന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പരിഗണിക്കാവുന്നതാണ്.

സി. അച്യുതമേനോന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കാൻ നടപടി

68 [383] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. അച്യുതമേനോന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാൻ സാംസ്കാരിക വകുപ്പ് തീരുമാനിച്ചിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അദ്ദേഹത്തിന്റെ ജീവചരിത്രത്തിന്റെ സ്ക്രിപ്റ്റ് 2 വർഷം മുമ്പ് സർക്കാരിന് ലഭിച്ചിരുന്നോ; എങ്കിൽ അത് അംഗീകരിക്കുകയുണ്ടായോ;

(സി) അദ്ദേഹത്തിന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ ഉപദേശക സമിതിയുടെ തീരുമാനപ്രകാരം ശ്രീ. എൻ. പി. ആരോമലുണ്ണിയെ സി. അച്യുതമേനോന്റെ ജീവചരിത്ര രചനയ്ക്ക് ചുമതലപ്പെടുത്തി. അദ്ദേഹം സമർപ്പിച്ച ജീവചരിത്രം സൂക്ഷ്മപരിശോധന നടത്തിയ സബ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികൾക്ക് ചരിത്ര രചയിതാവിന് സമ്മതമാണെങ്കിൽ ജീവചരിത്രം പ്രസിദ്ധീകരിക്കാവുന്നതാണെന്ന് സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ ഉപദേശകസമിതി തീരുമാനിച്ചിട്ടുണ്ട്.

ക്ഷേത്രം വക ഭൂമി സംരക്ഷിക്കാൻ നടപടി

69 [384] ശ്രീ. തോമസ് ചാഴികാടൻ:
" റോഷി അഗസ്റ്റിൻ:
" കെ. നാരായണക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമിക്ക് വ്യക്തമായ അതിരുകൾ ഇല്ലാത്തതിനാൽ ഭൂമി അന്യാധീനപ്പെട്ടുപോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ ദേവസ്വം ബോർഡ് നടപടി സ്വീകരിക്കുമോ;

(സി) ക്ഷേത്രം വക ഭൂമിക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) ക്ഷേത്രങ്ങളുടെ ഭൂമി അന്യാധീനപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന്, ദേവസ്വം ബോർഡധികൃതരുമായി ചർച്ച നടത്തുകയും അന്യകൈവശമിരിക്കുന്ന ദേവസ്വം വസ്തുക്കൾ ദേവസ്വത്തോട് ചേർത്ത് സംരക്ഷിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. ആയതുപ്രകാരം, തിരുവിതാംകൂർ-കൊച്ചിൻ ദേവസ്വം ബോർഡുകൾ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

(സി) ദേവസ്വം ഭൂമി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുവാൻ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly